അധിക നികുതിയും നൽകേണ്ടതായിട്ടുണ്ട്. നിലവിലുള്ള നിയമം അനുസരിച്ച് ടി വിഭാഗക്കാർക്ക് നികുതിബാദ്ധ്യത ഉള്ളതുമൂലം നികുതിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്നറിയിച്ചിട്ടുണ്ട്.

(സി) നിർവ്വാഹമില്ല.

വില്പന നികുതി വകുപ്പിൽ എസ്. റ്റി. ഒ.-മാരുടെ ഒഴിവുകൾ

20 [2484] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി വകുപ്പിൽ ഇപ്പോൾ എത്ര സെയിൽസ് ടാക്സ് ഓഫീസർമാരുടെ ഒഴിവുണ്ട്;

(ബി) പ്രസ്തുത വകുപ്പിലെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം നികുതി പിരിവിനെ കാര്യമായി ബാധിച്ചിട്ടുണ്ടോ;

(സി) വില്പന നികുതി വകുപ്പിലെ പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില്പന നികുതി ഉദ്യോഗസ്ഥരുടെ 38 ഒഴിവുകളുണ്ട്.

(ബി) വില്പന നികുതി ഓഫീസർമാരുടെ സീനിയോറിറ്റി സംബന്ധമായി നിരവധി കേസുകൾ നിലനില്ക്കുന്നതിനാലും ചില കേസുകളിൽ കോടതി സ്റ്റേ ഉള്ള തിനാലുമാണ് ഒഴിവുകൾ നികത്താൻ കഴിയാതിരുന്നത്. ഒഴിവുള്ള തസ്തികകളുടെ ചുമതല മറ്റ് ഉദ്യോഗസ്ഥന്മാർക്കു നൽകിയിട്ടുള്ളതിനാൽ നികുതി പിരിവിനെ കാര്യ മായി ബാധിച്ചിട്ടില്ല. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ 14% അധിക നികുതി വരുമാനം ഈ വർഷം കൈവരിച്ചിട്ടുണ്ട്.

(സി) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന നികുതി

21 [2485] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന നികുതിയായി ഫൈനാൻസ് ആക്ട് 5 ബി എ പ്രകാരം വീക്കിലി ഭാഗ്യക്കുറിക്ക് 2004 വരെ ലൈസൻസ് ഫീ ആയി എത്ര തുകയാണ് നൽകേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നികുതിസംബന്ധമായി തർക്കം ഉണ്ടായ സന്ദർഭത്തിൽ ടാക്സസ് കമ്മീഷണറെ അഡ്ജുഡീക്കേഷന് ആരെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ;

(ഡി) ലൈസൻസ് ഫീ വാങ്ങേണ്ട എന്നും ടേൺ ഓവർ ടാക്സ് പിരിച്ചാൽ മതിയെന്നും കമ്മീഷണർ ഉത്തരവിട്ടിട്ടുണ്ടോ;

(ഇ) ടേൺ ഓവർ ടാക്സ് ഈടാക്കുമ്പോൾ അവലംബിക്കേണ്ട നടപടി ക്രമങ്ങൾ എന്തായിരിക്കണമെന്ന് കമ്മീഷണർ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ലൈസൻസ് ഫീ വാങ്ങാതെ ടേൺ ഓവർ ടാക്സ് വാങ്ങാൻ ഉത്തരവിട്ടതിനുശേഷം നികുതി വകുപ്പിന് എത്ര തുക സമാഹരിക്കുവാൻ സാധിച്ചു;

(ജി) 21-12-2004-ലെ കോടതി വിധിക്ക് ശേഷം നികുതി വാങ്ങുകയില്ല എന്ന് ഗവൺമെന്റ് വ്യക്തമാക്കിയതിനുശേഷവും 23-12-2004-ൽ നികുതി ഈടാക്കിയ പാലക്കാട് 2-ാം സർക്കിളിലെ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചോ; എങ്കിൽ ആർക്കെല്ലാം എതിരായിട്ടാണ് നടപടി സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വില്പന നികുതി നിയമം വകുപ്പ് 5 ബി എ പ്രകാരം വീക്കിലി ഭാഗ്യക്കുറിക്ക് ഓരോ നറുക്കെടുപ്പിനും 20,000 രൂപ വീതമാണ് 31-3-2004 വരെ നൽകേണ്ടിയിരുന്നത്.

(ബി) 2004-ലെ ഫൈനാൻസ് ആക്റ്റ് പ്രകാരം പ്രസ്തുത തുക 25,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 6-2-2004-ലെ ഡബ്ല്യു. പി. 4143/04 എന്ന ഹർജിയിൻമേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധി അനുസരിച്ച് വില്പന നികുതി നിയമം വകുപ്പ് 59 (എ) പ്രകാരം വിശദീകരണം നൽകുന്നതിനായി ലോട്ടറി വ്യാപാരികൾ വാണിജ്യ നികുതി കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുകയും 29-3-2004-ലെ സി. 3. 8612/04/ സി. ടി. എന്ന ഉത്തരവ് പ്രകാരം കമ്മീഷണർ വിശദീകരണം നൽകുകയുമുണ്ടായി.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ലൈസൻസ് ഫീ വാങ്ങാതെ ടേൺ ഓവർ ടാക്സ് വാങ്ങാൻ ഉത്തരവിട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ബാധകമല്ല.

(ജി) 23-12-2004-ൽ പാലക്കാട് 2-ാം സർക്കിളിലെ ഉദ്യോഗസ്ഥൻ നികുതി ഈടാക്കിയതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly